30 AUG 2020 (Vol.73)

മാലാഖ
Published 2017

Biweekly Parish Bulletin






**St.Mary's Knanaya Catholic Forane Church, Houston**
**6400 W.Fuqua Dr, Missouri City, TX 77489**

## EUCHARISTIC MIRACLE

In the Eucharistic miracle at Bois-Seigneur-Isaac, the consecrated Host bled and stained the corporal. On May 3, 1413, the Bishop of Cambrai, Peter d'Ailly, authorized the devotion of the Holy Relic of the miracle along with a solemn procession. The first procession took place in 1414. On January 13th, 1424, Pope Martin V approved the building of the Monastery of Bois-Seigneur-Isaac. Today the monastery is the goal of pilgrimages. The corporal stained with Blood is exposed to view in the chapel.

## The Eucharistic Miracle at Huldenberg, Belgium

Starting on the Tuesday before Pentecost of the year 1405, the Lord appeared covered with His wounds to John of Huldenberg, master of the place. Only at the third apparition did our Lord speak ordering John "Go into the Chapel of Isaac, you will find Me there." At the same time, the parish priest, Peter Ost, heard a voice instructing him to offer the Mass of the Holy Cross in the Chapel of Isaac.



Premonstration Abbey, Chapel of the Holy Blood

The following day the pastor summoned all the faithful to assist at Mass at the Chapel of Isaac. John of Huldenberg was among those present. The priest began the Mass, and when he unfolded the corporal he saw there a Particle of the large Host that had been consecrated the preceding Tuesday.

Continued on Page 2

## ദിവ്യ കാരുണ്യ അത്ഭുതം

ഈ ദിവ്യകരുണ്യ അത്ഭുതത്തിൽ തിരുവോസ്തിയിൽ നിന്നും വന്ന രക്തത്താൽ അൾത്താരയിൽ ഉപയോഗിക്കുന്ന തിരുവസ്ത്രത്തിൽ രക്തക്കറ പുരണ്ടു. 1413 മെയ് മാസം 3ാം തീയതി, കാംബ്രൈയിലെ ബിഷപായിരുന്ന പീററർ ഡിഐലി ഈ അത്ഭുതത്തെ ഔദ്യോഗീകമായി അംഗീകരിക്കുകയും ഒരു പ്രദക്ഷിണം പ്രഖ്യാപിക്കുകയും ചെയ്തു. ആദ്യപ്രദക്ഷിണം നടന്നത് 1414 ൽ ആണ്. 1414 ജനുവരി 13 ാം തീയതി മാർട്ടിൻ 5ാമൻ മാർപ്പാപ്പയുടെ അംഗീകാരമനുസരിച്ച് പണിതുയർത്തപ്പെട്ട ആശ്രമത്തിൽ ഇന്നും അനേകം തീർത്ഥാടകർ എത്തിച്ചേരുന്നു. അവിടെയുള്ള ദേവാലയത്തിൽ രക്തക്കറ പുരണ്ട തിരുവസ്ത്രം പ്രദർശിപ്പിച്ചിട്ടുണ്ട്.

## EUCHARISTIC MIRACLE

Continued from Page 1

He sought to receive the Host but the Eucharist clung to the corporal and began to Bleed. The priest turned white and John, who had observed everything, comforted him by saying: “Do not fear, this marvel comes from God”, and related his visions. For four days, that is until Tuesday after Pentecost, the Blood continued to flow, reaching the length of a finger in three breadths. Then, having stained the entire corporal, the Blood co-agulated little by little and dried up. The miracle was seen and attested



Reliquary of the Eucharistic miracle, corporal stained with Blood



Reliquary of a Thorn from the Crown of Jesus

to by many. The Bishop of Cambrai, Peter d’ Ailly, was informed of what happened and he decided to investigate personally and had the corporal in his care for some two years. Every attempt to remove the stains of Blood on the corporal were useless. The Bishop opened an investigation where testimonies were gathered regarding the prodigies wrought by the reliquary of the precious Blood. On June 16, 1410, the Bishop granted an indulgence of 40 days to those who visited the Chapel at Bois-Seigneur-Isaac. On May 3, 1413, he allowed the corporal to be venerated as a relic and established a solemn procession in honor of the miracle, along with public exposition of the Blessed Sacrament. Even today, every year on the Sunday following the Feast of the Birth of Mary, the citizens of Bois-Seigneur-Isaac come together in prayer to celebrate the memory of this Eucharistic miracle.

## ദിവ്യ കാരുണ്യ അത്ഭുതം

Continued from Page 1

1405ലെ പന്തക്കുസ്താ ദിനത്തിന് മുൻപുള്ള ചൊവ്വാഴ്ച മുതൽ ഹൾഡൻബർഗിലെ അധിപനായ ജോണിന് ക്രിസ്തു തന്റെ തിരുമുറിവുകളുമായി പ്രത്യക്ഷപ്പെടുവാൻ തുടങ്ങി. മൂന്നാം തവണ പ്രത്യക്ഷപ്പെട്ടപ്പോൾ ക്രിസ്തു ജോണിനോട് ഐസക്കിലെ ദേവാലയത്തിൽ പോകുവാനും അവിടെ തന്നെ ദർശിക്കുവാൻ സാധിക്കുമെന്നും കൽപ്പിച്ചു. അതേ സമയത്ത് തന്നെ ഇടവക വികാരിയായ പീററർ ഓസ്റ്റിനും ഐസകിലെ ചാപ്പലിൽ ചെന്ന് വി. കുർബാന അർപ്പിക്കുവാൻ അരുളപ്പാടുണ്ടായി. അടുത്ത ദിവസം തന്നെ ഫാ. പീററർ വിശ്വാസികളെ എല്ലാം സംഘടിപ്പിച്ച് വി. കുർബാന അർപ്പിക്കുവാനായി ചാപ്പലിലെത്തി. ജോണും അവിടെയുണ്ടായിരുന്നു. വൈദികൻ വി. കുർബാന മധ്യേ കഴിഞ്ഞ ചൊവ്വാഴ്ച വാഴ്ത്തിയ തിരുവോസ്തി എടുക്കുവാനായി അത് മൂടിവെച്ചിരുന്ന തിരുവസ്ത്രം തുറന്നപ്പോൾ കാണുവാനായത്, തിരുവോസ്തിയിൽ നിന്നും വന്ന രക്തത്താൽ അത് തിരുവസ്ത്രത്തോട് എടുക്കുവാനാവാത്ത വിധം ഒട്ടിച്ചേർന്ന നിലയിലായിരിക്കുന്നതാണ്.

വിളറിവെളുത്ത വൈദികനോട് എല്ലാം കണ്ടുനിന്നിരുന്ന ജോൺ അടുത്ത് ചെന്ന് ആശ്വസിപ്പിച്ച് കൊണ്ട് പറഞ്ഞു. ‘ഭയപ്പെടേണ്ട, ഈ അത്ഭുതം ദൈവത്തിന്റേതാണ് അതിനുശേഷം തനിക്കുണ്ടായ അനുഭവവും വിവരിച്ചു പറഞ്ഞു. അടുത്ത നാലുദിവസം, അതായത് പന്തക്കുസ്താദിനം കഴിഞ്ഞുള്ള ചൊവ്വാഴ്ച വരെയും രക്തം പ്രവഹിച്ചുകൊണ്ടിരുന്നു. തിരുവസ്ത്രം മുഴുവനും രക്തത്താൽ കുതിർന്നപ്പോൾ, അത് പതുക്കെ കട്ട പിടിക്കുവാൻ തുടങ്ങുകയും അവസാനം ഉണങ്ങുകയും ചെയ്തു. ഈ അത്ഭുതം നേരിൽ കണ്ട അനേകം ജനങ്ങളുണ്ട്.

കാംബ്രൈയിലെ ബിഷപ്പായിരുന്ന പീററർ ഡി ഐലി ഈ അത്ഭുതത്തെപ്പററി വ്യക്തിപരമായി അന്വേഷണം നടത്തുവാനായി, രക്തപങ്കിലമായ തിരുവസ്ത്രം രണ്ടു കൊല്ലത്തോളം അദ്ദേഹത്തിന്റെ കൈവശം വെച്ചു. രക്തകറ നീക്കം ചെയ്യുവാനായി അനേകം പരിശ്രമങ്ങൾ നടന്നെങ്കിലും ഒന്നും വിജയത്തിലെത്തിയില്ല.

ബിഷപ്പ് ഒരു പുതിയ അന്വേഷണം ആരം ഭിച്ചു. അദ്ദേഹം തിരുരക്തത്തിന്റെ മദ്ധ്യസ്ഥതയാൽ നടന്ന അത്ഭുതങ്ങളെപ്പററി വിവരങ്ങൾ സമാഹരിക്കുവാൻ തുടങ്ങി. 1410 ജൂൺ 16ാം തീയതി ഐസക്കിലെ ദേവാലയം സന്ദർശിക്കുന്നവർക്ക് 40 ദിവസം ദണ്ഡവിമോചനം പ്രഖ്യാപിച്ചു. 1413 മെയ് മാസം 3ാം തീയതി തിരുരക്തത്തെ ഒരു തിരുശേഷിപ്പായി പ്രഖ്യാപിക്കുകയും ബഹുമാനാർത്ഥം ഒരു പ്രദക്ഷിണം സ്ഥാപിക്കുകയും, പൊതു ദർശനത്തിനായി വയ്ക്കുകയും ചെയ്തു. എല്ലാ വർഷവും പരി. കന്യകാമറിയത്തിന്റെ അമലോൽഭവതിരുനാളിനു ശേഷമുള്ള ഞായറാഴ്ചയിൽ ആ നാട്ടിലെ ജനങ്ങൾ ഒത്തുകൂടുകയും ദിവ്യ കാരുണ്യ അത്ഭുതത്തിന്റെ ഓർമ്മക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

# ബ്രദർ ജോസഫ് തച്ചാറ ഡീക്കൻ പട്ടം സ്വീകരിച്ചു.



ഹ്യൂസ്റ്റൺ  സെന്റ് മേരീസ് ക്നാനായ ഫൊറോന പള്ളി ഇടവകാംഗമായ ബ്രദർ ജോസഫ് തച്ചാറ ഓഗസ്റ്റ് 23ാം തീയതി ചിക്കാഗോ സീറോ മലബാർ രൂപത സഹായ മെത്രാൻ അഭി. ജോയി ആലപ്പാട്ട് പിതാവിന്റെ കൈവെപ്പിലൂടെ ഡീക്കൻ പട്ടം സ്വീകരിച്ചു. തച്ചാറ മാത്യുവിന്റെയും ജിനുവിന്റെയും മൂത്തപുത്രനാണ് ഡീക്കൻ ജോസഫ് . ചാക്കോച്ചൻ ഏക സഹോദരൻ. കോട്ടയം അതിരൂപതയ്ക്കുവേണ്ടി എസ് എച് മൗണ്ട് സെ. സ്റ്റാനിസ്ളാവൂസ് സെമിനാരിയിൽ നിന്ന് മൈനർ സെമിനാരി പഠനവും പൂർത്തിയാക്കിയ ശേഷം ഇപ്പോൾ ക്നാനായ റീജിയന്റെ കീഴിൽ ചിക്കാഗോ മണ്ടലെയ്ൻ സെമിനാരിയിൽ തിയോളജി പഠനം പൂർത്തിയാക്കി വരികയാണ് ഡീക്കൻ ജോസഫ്. ഹ്യൂസ്റ്റ്ൺ സെന്റ് മേരീസ് ക്നാനായ ഫൊറോനാ പ ള്ളിയിൽ നടന്ന ഡീക്കൻ പട്ട ശുശ്രൂഷയിൽ ചിക്കാഗോ സീറോ മലബാർ രൂപതയുടെ വികാരി ജന റാളും, ക്നാനായ റീജിയൻ ഡയറക്ടറുമായ റവ: മോൺ. തോമസ് മുളവനാൽ, ക്നാനായ റീജിയൻ വൊക്കേഷൻ ഡയറക്ടർ റവ: ഫാ. ബിബി തറയിൽ, വികാരി  റവ:ഫാ. സുനി പടിഞ്ഞാറേക്കര എന്നിവർ നേതൃത്വം നൽകി

## St.Mary's Knanaya Catholic Forane Church, Houston



**CCD** Academic Year 2020-21

Due to the current COVID situation we start CCD

**ONLINE Classes**

Classes begin on **September 6th**

**Generate email account to add a student to their online classrooms**

**Application Deadline Aug 23rd 2020.**

**Forms are to be filled and submitted online for each student**

**ONLINE REGISTRATION OPEN**

**Registration Fee $25**

**Mode of payment: Zelle App , Check or Cash**

Specify individual student's name, family name and grade
If pay by Cash/Check

Religious Education


Google Classroom

### CONTRIBUTIONS & OFFERINGS

| | |
|---|---|
| **August 16** | |
| Sunday Collections | $ 858.00 |
| Annual Contributions | $ 4250.00 |
| Building Fund | $ 600.00 |
| **August** | |
| Sunday Collections | $ 000.00 |
| Annual Contributions | $ 0000.00 |
| Building Fund | $ 0000.00 |



## ബൈബിൾ സംഭവങ്ങളുടെ ആധികാരികത വെളിപ്പെടുത്തി കൂടുതൽ തെളിവുകൾ




ബൈബിളിൽ വിവരിച്ചിരിക്കുന്ന സംഭവങ്ങൾ ആധികാരിക ചരിത്രരേഖ കൂടിയാണെന്ന് തെളിയിക്കുന്ന കൂടുതൽ വിവരങ്ങളുമായി വിശുദ്ധ ലിഖിത വിദഗ്ദ്ദർ രംഗത്ത്. ഇസ്രായേൽ ഭരിച്ചിരുന്ന സോളമൻ രാജാവിന്റെയും അദ്ദേഹത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളും സംബന്ധിച്ച് ബൈബിളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ വാസ്തവമാണെന്നതിന്റെ തെളിവുകൾ അക്കമിട്ട് നിരത്തിക്കൊണ്ടാണ് കാലിഫോർണിയയിലെ ഷാസ്താ ബൈബിൾ കോളജ് ആൻഡ് ഗ്രാജുവേററ് സ്കൂളിലെ ബൈബിൾ സ്റ്റഡീസ് വിഭാഗം പ്രൊഫസ്സറായ ടോം മേയർ രഗത്ത് വന്നിരിക്കുന്നത്. 587 ബിസിയിൽ ബാബിലോണിയക്കാരാൽ നശിപ്പിക്കപ്പെടുന്നതിനു മുൻപത്തെ ജെറുസലേമിലെ ആദ്യ ക്ഷേത്രം നിർമ്മിച്ചത് സോളമനായിരുന്നു.

ഇസ്രായേലിൽ നിന്നും ലഭിച്ചിട്ടുള്ള പുരാവസ്തുക്കൾ സോളമന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട തെളിവുകളാണെന്ന് മേയർ അവകാശപ്പെടുന്നു. പൂർവ്വദേശത്തെ പൗരാണിക കാലഘട്ടത്തിലെ രാജാക്കന്മാരുടെ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച രാജകീയ ലിഖിതങ്ങൾ കണ്ടെത്തിയിട്ടില്ലങ്കിലും സോളമന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച തെളിവുകളൊന്നും ഇതുവരെ ലഭിച്ചിട്ടില്ലെങ്കിലും, ഹാസൊർ, മെഗിദൊ, ഗെസർ എന്നീ മുൻ നഗരങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള പുരാവസ്തു തെളിവുകൾ നഗരങ്ങളെ സോളമൻ പുനർനിർമ്മിച്ചതുമായി ബന്ധപ്പെട്ട ബൈബിൾ വിവരണത്തെ സാധൂകരിക്കുന്നതാണെന്നു മേയർ പറയുന്നു.

ജറുസലേമിലെ ആദ്യ ക്ഷേത്രവും കൊട്ടാരവും മൂന്നു നഗരങ്ങളും പണികഴിപ്പിച്ചത് സോളമനാണെന്നാണ് ബൈബിളിൽ പറയുന്നത്. വടക്കൻ ഇസ്രയേലിലെ അന്തരാഷ്ട്ര പാതയ്ക്ക് സമീപമായിരുന്നു. ഹസൊർ, ഗെസീന്നീ നഗരങ്ങൾ സോളമൻ പണികഴിപ്പിച്ചത്. ഇന്നത്തെക്കാലത്തെ അമേരിക്കയിലെ യു എസ് ഹൈവേ 80 ക്ക് സമീപമുള്ള ന്യൂയോർക്ക്, ഷിക്കാഗോ, സാൻ ഫ്രാൻസിസ്കൊ എന്നീ നഗരങ്ങളോടാണ് മേയർ പുരാതന നഗരങ്ങളെ ഉപമിക്കുന്നത്.

അന്ത്രരാഷ്ട്ര തലത്തിൽ കച്ചവട ബന്ധങ്ങളുള്ള ഒരു ശക്തമായ രാഷ്ട്രമാക്കി ഈ നഗരങ്ങൾ ഇസ്രായേലിനെ മാററിയെന്നും ഈ മൂന്നു നഗരങ്ങളിലും പൊതുവായി കാണപ്പെടുന്ന സവിശേഷതകളും നഗരവാതിലിൽ നിന്നും കണ്ടെത്തിയ കളിമൺ പാത്രങ്ങളും കവാട നിരമ്മാണത്തിലെ സാമൃതയൂം ,ചുററുമതിലും ബൈബിളിൽ പറയുന്നതു പോലെ തന്നെ നഗരങ്ങൾ സോളമൻ നിർമ്മിച്ചതാണെന്നുള്ളതിന്റെ തെളിവുകളാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## കൂദാശ വചനങ്ങളിൽ മാററം വരുത്താൻ ആർക്കും അധികാരമില്ല വത്തിക്കാൻ വിശ്വാസ തിരുസംഘം

വത്തിക്കാൻ സിററി: അജപാലന മേഖലയിൽ കൂദാശ വചനങ്ങൾ ഉച്ചരിക്കുന്നതിലും പരിഭാഷപ്പെടുത്തുന്നതിലും തെററുകൾ വരുത്തുന്നതെനെതിരെ വത്തിക്കാൻ വിശ്വാസ തിരു സംഘത്തിന്റെ തലവൻ കർദ്ദിനാൾ ലൂയിസ് ഫ്രാൻസിസ്കോ ലഡാരിയ. ചില ഭാഷാ സമൂഹങ്ങൾ ജ്ഞാനസ്നാന തിരുക്കർമ്മത്തിലെ കൂദാശ വചനങ്ങളിൽ സ്വതന്ത്രമായി പരിഭാഷ നടത്തിക്കൊണ്ടു വരുത്തിയ തെററുകളെ ചൂണ്ടിക്കാണിച്ചാണ് തിരുസംഘം വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നത്. സഭാ പാരമ്പര്യത്തിലൂടെ കൈമാറിയ കൂദാശ വചനങ്ങൾക്ക് മാററമില്ലെന്നും അജപാലനപരമായ ഇത്തരം തെററുകളെ ദുരീകരിക്കുവാനാണ് വ്യക്തമായ വിവരണം വീണ്ടും വിശ്വാസകാര്യങ്ങൾക്കായുള്ള സംഘം നൽകുന്നതെന്നും വത്തിക്കാൻ അറിയിച്ചു.



പിതാവിന്റെയും മാതാവിന്റെയും, ജ്ഞാനസ്നാന പിതാവിന്റെയും മാതാവിന്റെയും മുത്തച്ഛന്റെയും മുത്തശ്ശിയുടെയും, കുടുംബാംഗങ്ങളുടെയും പേരിലും സമുഹത്തിന്റെ പേരിലും, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിന്നെ ഞങ്ങൾ സ്നാനപ്പെടുത്തുന്നു. സ്വതന്ത്രമായി പരിഷ്കരിച്ച് പ്രസിദ്ധപ്പെടുത്തിയ ജ്ഞാനസ്നാന തിരുക്കർമ്മത്തിനുള്ള ഈ വാക്കുകളാണ് വത്തിക്കാന്റെ ശ്രദ്ധയിൽ പ്പെട്ടത്. കൂട്ടായ്മയുടെ പ്രാധാന്യം എടുത്തുകാട്ടുന്നതിനും കുടുംബത്തിന്റെയും ആഘോഷത്തിൽ പങ്കുചേരുന്ന എല്ലാവരുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുമാണ് കൂദാശവചനത്തിന്റെ ഈ പരിഷ്കരണം നടത്തിയിരിക്കുന്നതെന്ന് തെററുവരുത്തിയവരുടെ ന്യയീകരണം

എന്നാൽ രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നത് ഒരു വ്യക്തി ജ്ഞാനസ്നാനം നൽകുമ്പോൾ ക്രിസ്തു തന്നെയാണ് അത് നൽകുന്നത് എന്ന് തിരു സംഘം ഓർമ്മിപ്പിച്ചു. അതായത് തിരുസഭയിൽ പരികർമ്മം ചെയ്യപ്പെടുന്ന ഓരോ കൂദാശയിലും ക്രിസ്തുവിന്റെ ആത്യന്തികമായുള്ള സാന്നിദ്ധ്യം തന്നെയാണ് പ്രഘോഷിക്കപ്പെടുന്നത്. എപ്പോഴൊക്കെയാണൊ കൂദാശകൾ പരികർമ്മം ചെയ്യപ്പെടുന്നത് അപ്പോഴൊക്കെ ശരീരമാകുന്ന സഭ ക്രിസ്തുവാകുന്ന ശിരസ്സിന്റെ പ്രചോദനത്താലാണ് പ്രവർത്തിക്കുന്നതെന്നും വത്തിക്കാൻ ഓാർമ്മിപ്പിച്ചു.






കഥ

# അരുളിക്ക എന്ന പല്ലക്ക്

## തച്ചാറ



പത്രോസ് ചേട്ടൻ ധ്യാനം കൂടി. നമുക്കതൊരു വാർത്തയല്ല. പക്ഷേ, പത്രോസ് ചേട്ടന്റെ ജീവിതത്തിൽ അതൊരു ചലനം സൃഷ്ടിച്ചു. ധ്യാനം മാത്രമല്ല; നാൽപതു മണിക്കൂർ ആരാധനയും തുടർന്നുള്ള പ്രദക്ഷിണവും. ഇതെല്ലാംകൂടി ഒരാളെ അടിമുടി മാററിമറിക്കുവാൻ പര്യാപ്തമാണ് . ഭാര്യ മരിച്ച ശേഷം ഇൻഡ്യയിൽ അൽപസ്വൽപം നിരീശ്വര വാദവുമായ് ജീവിക്കുമ്പോൾ, ഷൈനിമോൾ അയാളെ അമേരിക്കയിലേക്ക് കൊണ്ടുപോയി. രണ്ടുമാസം ബന്ധുക്കളെ സന്ദർശിച്ച് വിവിധ നഗരങ്ങളിൽ ചുററിയ ശേഷം, അവളുടെ തടവിൽ കുരുങ്ങി. ജോലിത്തിരക്കിനിടയിലും, എന്തിനുമേതിനും പള്ളിക്കാര്യങ്ങളിൽ മുന്നിൽ നിൽക്കുന്ന അവളുടെ കൂടെ പള്ളിയിൽ പോകുന്നതാണ് ഒരു പ്രധാന സാമൂഹ്യബന്ധം. അതുകൊണ്ട് പള്ളിയിൽ പോകുന്ന ഒരു സംസ്ക്കാരം രൂപം കൊണ്ടു.

ഫാദർ അനിൽ ആനച്ചാലിന്റെ ധ്യാനം. അത് അമേരിക്കൻ മലയാളികൾക്ക് ഒരാവേശമായിരുന്നു. ഷൈനിമോളുടെ ഭർത്താവ് ബേബിയും ധ്യാനത്തിൽ സജീവമായി പങ്കെടുത്തു. ധ്യാനം പത്രോസ് ചേട്ടന്റെ ജീവിത വീക്ഷണം തന്നെ മാററി മറിച്ചു. മദ്യപിക്കുന്നതു പോകട്ടെ, മുഴുവൻ കുർബ്ബാന കാണാത്തതുവരെ പാപമാണെന്ന അവബോധം അയാൾക്കുണ്ടായി. എന്തുവേണ്ടി, ധ്യാനത്തിന്റെ പൂർണ്ണതയിൽ അയാൾ ഒരു നല്ല കുമ്പസാരം നടത്തി. വല്ലപ്പോഴുമുള്ള മദ്യപാനവും നിർത്തി.

നാൽപതുമണിക്കൂർ ആരാധനയിലും അയാൾ പങ്കുകൊണ്ടു. പള്ളിയിലെ അരണ്ട വെളിച്ചത്തിൽ, അൾത്താരയിൽ പുഷ്പാലങ്കാരങ്ങൾ. മിന്നുന്ന വെൺ തുണികൾ ചുററിയ ഒരാൾപൊക്കമുള്ള തൂണുകളിൽ പൂക്കൾ അലങ്കരിച്ചിരിക്കുന്നത്, കാഹളമൂതുന്ന മാലാഖമാരെ പോലെ ശോഭിച്ചു. പള്ളിയിലെ ബഞ്ചുകളുടെ രണ്ടറ്റത്തും നെറ്റുകൊണ്ടുള്ള അലങ്കാരം വെള്ളപാവാടയണിഞ്ഞ ബാലികമാരെന്നു തോന്നിച്ചു. യേശു ദിവ്യകാരുണ്യരൂപത്തിൽ അരുളിക്കയിലെഴുന്നള്ളിയിരിക്കുന്നു. അരുളിക്കയുടെ മുകളിൽ രാജകീയ ചിഹ്നമായ മർത്തോമ്മ കുരിശ് തലയുയർത്തി നിൽക്കുന്നു. ദിവ്യകാരുണ്യത്തിൽ നിന്ന് പ്രകാശം വിതറുന്നതുപോലെയാണ് അരുളിക്ക രൂപകൽപന ചെയ്തിരിക്കുന്നത്. ഇടയ്ക്കിടെ പ്രാർത്ഥനകളും, കൊന്ത ചൊല്ലലും, കുരിശിന്റെ വഴിയും, നിശബ്ദ പ്രാർത്ഥനകളും പത്രോസ് ചേട്ടനെ ദൈവത്തോടടുപ്പിച്ചു. രാവും പകലുമായി ആരാധന കൊഴുത്തു.

'ഈശോയുടെ അതിദാരുണമാം
പീഡാസഹനങ്ങളെ ഓർത്തെന്നും
പിതാവേ ഞങ്ങളുടെ മേൽ
ലോകം മുഴുവന്റെ മേൽ
കരുണയുണ്ടാകേണമേ!'

എന്ന് കരുണകൊന്ത ചൊല്ലുമ്പോൾ, ലോകരക്ഷയ്ക്ക് പാപപരിഹാര ബലിയായി സ്വയം സമർപ്പിച്ച്, കുരിശിൽ പിടഞ്ഞുമരിച്ച യേശുവിനെയോർത്തുകണ്ണീരണിഞ്ഞു. പാപമരണങ്ങളെ ജയിച്ച് മഹത്വത്തോടെ ഉദ്ധിതനായ പ്രജാപതിയെ മുന്നിൽ കാണുന്ന പത്രോസ് ചേട്ടന് വീട്ടിലേക്ക് പോകുവാനേ തോന്നിയില്ല. ദിവ്യകാരുണ്യാരാധന ദിനങ്ങൾ. അരുളിക്കയിലെ ഈശോയെ മനസ്സിൽ ധ്യാനിക്കുമ്പോൾ മറെറാരു ലോകത്തെത്തിയതു പോലെ.

സമാപന പ്രദക്ഷിണത്തിന് പിതാവും എത്തിയിട്ടുണ്ട്. മെത്രാൻ തിരുമുമ്പിൽ മുട്ടുകുത്തി നിലത്തു ചുംബിച്ചു. പുരോഹിതൻ വേദക്കുസ്ത പിതാവിനെ അണിയിച്ചു. പിതാവെഴുന്നേററ്,

"പരിശുദ്ധ പരമ ദിവ്യ കാരുണ്യത്തിന് . . . "

"എന്നേരവും ആരാധനയും സ്തുതിയും പുകഴ്ചയുമുണ്ടായിരിക്കട്ടെ".

ജനങ്ങളുടെ മറുപടി. പിന്നീട് വേദകുസ്തയോടുകൂടി അരുളിക്കയെടുത്ത് ഉയർത്തി, ചുററുമുള്ള ജനത്തെ കാട്ടിയപ്പോൾ കൂട്ടമണി മുഴങ്ങി. അപ്പോഴേയ്ക്കും യേശുവിനു വഴിയൊരുക്കുവാൻ ചിലർ തറയിൽ വെള്ളപ്പട്ടുവിരിക്കുകയും അതിന്മേൽ മററു ചിലർ ചുമന്ന പൂവിതളുകൾ വിതറുകയും ചെയ്തു. മെത്രാനച്ചൻ അരുളിക്കയുമായി അൾത്താരയിൽ നിന്നിറങ്ങി വന്നപ്പോൾ നാലു പേർ ഛത്രം പോലെ പാലികയുയർത്തി. കത്തിച്ച മെഴുകുതിരി പിടിച്ച് മുന്നിൽ രണ്ടു പേർ. ഒരാൾ മുന്നിൽ വന്ന് ധൂപക്കുററി വീശുകയും, കുന്തിരിക്കത്തിന്റെ സുഗന്ധം അന്തരീക്ഷത്തിൽ പടരുകയും ചെയ്തു. അതിനുമുന്നിലായി ഓപ്പെയും മോറിസുമണിഞ്ഞ പന്ത്രണ്ടു പേർ നിരന്നു. ദൈവം തന്റെ ദാസരെപ്പോലും എത്രമാത്രം ഒരുക്കുകയില്ല! ഗായകർ ദൈവസ്തുതികൾ ആലപിക്കുവാൻ തുടങ്ങി. ഇതാ അരുളിക്കയെന്ന പല്ലക്കിൽ യേശുരാജൻ ജനങ്ങൾക്കിടയിലേക്ക് ഇറങ്ങി വരുന്നു. വികാരിയച്ചൻ 'ദേവാധി ദേവൻ', 'രാജാധി രാജൻ', 'ദാവീദിന്റെ പുത്രൻ', 'കർത്താവായ യേശു', 'സർവേശ്വരൻ', 'പ്രപഞ്ചാധി നാഥൻ' എന്നിങ്ങനെ മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ടിരുന്നു. ജനം'ജയിക്കട്ടെ' എന്നു പ്രത്യുത്തരിച്ചു. ഈശോ അടുത്തേയ്ക്കെത്തുമ്പോൾ നിറകണ്ണുകളും, കൈകളും കൂപ്പി പത്രോസ് ചേട്ടൻ ധ്യാന നിമഗ്നനായി നിന്നു.

"പത്രോസേ, ഇവരെല്ലാവരേയുംകാൾ അധികം നീ എന്നെ സ്നേഹിക്കുന്നുവോ?"

"ഉവ്വ്, കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്ന് നിനക്ക് അറിയാമല്ലോ?"

"പത്രോസേ, നീ എന്നെ സ്നേഹിക്കുന്നുവോ?"

"ഉവ്വ്, കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്ന് നിനക്ക് അറിയാമല്ലോ?"

"പത്രോസേ, നീ എന്നെ സ്നേഹിക്കുന്നുവോ?"

ഈശോയ്ക്ക് അയാളുടെ സ്നേഹത്തിൽ സംശയം ജനിച്ചതോർത്ത് അയാൾ ഖിന്നനായി. പത്രോസ് ചേട്ടൻ പറഞ്ഞു:-

"കർത്താവേ, നീ എല്ലാം അറിയുന്നു. ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്നും നിനക്ക് അറിയാം."

യേശു തന്റെ ദീർഘമായ വലതുകരം നീട്ടുകയും ചൂണ്ടുവിരൽ കൊണ്ട് അയാളുടെ ഹൃദയത്തിൽ തൊടുകയും ചെയ്തു. അയാൾ മുട്ടിന്മേൽ ഇരുന്ന് 'യേശുവേ' എന്ന് മനസിൽ വിളിച്ചു.

തുടർന്നുവന്ന കുർബാനയിൽ പത്രോസ് ചേട്ടൻ പൂർവപിതാക്കന്മാരോടും, സകല വിശുദ്ധരോടും, പരിശുദ്ധ കന്യകാമറിയത്തോടും, ശുദ്ധീകരണ സ്ഥലത്തെ ആത്മാക്കളോടും, മാലാഖമാരോടും കൂടി പങ്കെടുത്തു. കുർബാന സ്വീകരണ വേളയിൽ അപ്പമായ് വന്ന യേശു സകല കോശങ്ങളിലും പടർന്നു പന്തലിച്ചു. അയാൾ ക്രിസ്തുവായി.





